# അദ്ധ്യായം: 81 - അത്തക്‌വീർ

**അവതരണകാലം**

പ്രവാചകന്റെ മക്കാജീവിതത്തിന്റെ ആദ്യനാളുകളിലവതരിച്ച അദ്ധ്യായങ്ങളിലൊന്നാണിതെന്ന് ഉള്ളടക്കത്തിൽനിന്നും ശൈലിയിൽനിന്നും വ്യക്തമാകുന്നു.

**ഉള്ളടക്കം**

ഇതിൽ പരലോകം, പ്രവാചകത്വം എന്നീ രണ്ടു വിഷയങ്ങൾ ചർച്ച ചെയ്യുന്നു.

ആദ്യത്തെ ആറു സൂക്തങ്ങളിൽ അന്ത്യനാളിന്റെ ആദ്യഘട്ടത്തെ വർണിക്കുകയാണ്: അപ്പോൾ സൂര്യൻ അണഞ്ഞുപോകും. നക്ഷത്രങ്ങൾ ഉതിർന്നുവീഴും. പർവതങ്ങൾ ഭൂമിയിൽനിന്ന് ഇളകി ഉയർന്നുപോകും. ആളുകൾ തങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ട വസ്തുക്കളെ വിസ്മരിക്കും. സ്വബോധം നഷ്ടപ്പെട്ട വന്യമൃഗങ്ങൾ ഒരുമിച്ചുകൂടും. സമുദ്രങ്ങൾ പ്രക്ഷുബ്ധമായി തീപ്പിടിക്കും.

തുടർന്നുള്ള ഏഴു സൂക്തങ്ങളിൽ രണ്ടാം ഘട്ടത്തെ വർണിക്കുന്നു. അപ്പോൾ ആത്മാക്കളെല്ലാം അവയുടെ ശരീരങ്ങളുമായി വീണ്ടും കൂട്ടിയിണക്കപ്പെടുന്നു. കർമപുസ്തകങ്ങൾ തുറക്കപ്പെടുന്നു. കുറ്റങ്ങൾ വിചാരണ ചെയ്യപ്പെടുന്നു. വാനലോകത്തിന്റെ തിരശ്ശീലകൾ വലിച്ചുമാറ്റപ്പെടുന്നു. സ്വർഗനരകങ്ങളെല്ലാം നഗ്നദൃഷ്ടികൾക്ക് ഗോചരമായിത്തീരുന്നു.

പരലോകത്തിന്റെ ഈ ചിത്രം വരച്ചുകാണിച്ച ശേഷം, അന്ന് ഓരോ മനുഷ്യനും താൻ എന്തു പ്രവർത്തിച്ചിട്ടാണ് അവിടെ എത്തിയിട്ടുള്ളതെന്ന് സ്വയം ബോധ്യമാകും എന്നു പറഞ്ഞുകൊണ്ട് മനുഷ്യനെ ചിന്തിക്കാൻ വിട്ടിരിക്കുകയാണ്. അനന്തരം പ്രവാചകത്വം എന്ന വിഷയം കൈകാര്യം ചെയ്യുകയാണ്. അതേപ്പറ്റി മക്കാവാസികളോടു പറയുന്നു: മുഹമ്മദ് (സ) നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്ന സന്ദേശം ഏതെങ്കിലും കിറുക്കന്റെ വിടുവായത്തമല്ല, പിശാചിന്റെ ദുർബോധനവുമല്ല. അത് മഹാനും ഉന്നതസ്ഥാനീയനും വിശ്വസ്തനും ദൈവത്താൽ നിയുക്തനും സന്ദേശവാഹകനുമായ ഒരു മലക്കിന്റെ ഭാഷണമാകുന്നു. തുറന്ന ചക്രവാളത്തിൽ മുഹമ്മദ് (സ) ആ മലക്കിനെ നഗ്നദൃഷ്ടി കൊണ്ട് കണ്ടിട്ടുണ്ട്. ഈ ദൈവികാധ്യാപനങ്ങളെ അവഗണിച്ചു തള്ളിയിട്ട് നിങ്ങൾ എങ്ങോട്ടാണ് പോകുന്നത്?

# سُورَةُ التَّكوِير

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

إِذَا ٱلشَّمۡسُ كُوِّرَتۡ ﴿١﴾ وَإِذَا ٱلنُّجُومُ ٱنكَدَرَتۡ ﴿٢﴾ وَإِذَا ٱلۡجِبَالُ سُيِّرَتۡ ﴿٣﴾ وَإِذَا ٱلۡعِشَارُ عُطِّلَتۡ ﴿٤﴾
وَإِذَا ٱلۡوُحُوشُ حُشِرَتۡ ﴿٥﴾ وَإِذَا ٱلۡبِحَارُ سُجِّرَتۡ ﴿٦﴾ وَإِذَا ٱلنُّفُوسُ زُوِّجَتۡ ﴿٧﴾ وَإِذَا ٱلۡمَوۡءُ
دَةُ سُئِلَتۡ ﴿٨﴾ بِأَيِّ ذَنۢبٖ قُتِلَتۡ ﴿٩﴾ وَإِذَا ٱلصُّحُفُ نُشِرَتۡ ﴿١٠﴾ وَإِذَا ٱلسَّمَآءُ كُشِطَتۡ ﴿١١﴾
وَإِذَا ٱلۡجَحِيمُ سُعِّرَتۡ ﴿١٢﴾ وَإِذَا ٱلۡجَنَّةُ أُزۡلِفَتۡ ﴿١٣﴾ عَلِمَتۡ نَفۡسٞ مَّآ أَحۡضَرَتۡ ﴿١٤﴾ فَلَآ أُقۡسِمُ
بِٱلۡخُنَّسِ ﴿١٥﴾ ٱلۡجَوَارِ ٱلۡكُنَّسِ ﴿١٦﴾ وَٱلَّيۡلِ إِذَا عَسۡعَسَ ﴿١٧﴾ وَٱلصُّبۡحِ إِذَا تَنَفَّسَ ﴿١٨﴾ إِنَّهُۥ لَقَوۡلُ
رَسُولٖ كَرِيمٖ ﴿١٩﴾ ذِي قُوَّةٍ عِندَ ذِي ٱلۡعَرۡشِ مَكِينٖ ﴿٢٠﴾ مُّطَاعٖ ثَمَّ أَمِينٖ ﴿٢١﴾ وَمَا صَاحِبُكُم
بِمَجۡنُونٖ ﴿٢٢﴾ وَلَقَدۡ رَءَاهُ بِٱلۡأُفُقِ ٱلۡمُبِينِ ﴿٢٣﴾ وَمَا هُوَ عَلَى ٱلۡغَيۡبِ بِضَنِينٖ ﴿٢٤﴾ وَمَا هُوَ بِقَوۡلِ
شَيۡطَٰنٖ رَّجِيمٖ ﴿٢٥﴾ فَأَيۡنَ تَذۡهَبُونَ ﴿٢٦﴾ إِنۡ هُوَ إِلَّا ذِكۡرٞ لِّلۡعَٰلَمِينَ ﴿٢٧﴾ لِمَن شَآءَ مِنكُمۡ أَن يَسۡتَقِيمَ ﴿٢٨﴾
وَمَا تَشَآءُونَ إِلَّآ أَن يَشَآءَ ٱللَّهُ رَبُّ ٱلۡعَٰلَمِينَ ﴿٢٩﴾

| إِذَا الشَّمْسُ كُوِّرَتْ ﴿١﴾<br>വ ഇദശ്ശംസു കുവ്വിറത് | | |
|---|---|---|
| كُوِّرَتْ | الشَّمْسُ | إِذَا |
| കുവ്വിറത് | അശ്ശംസു | വ ഇദ |
| ചുരുട്ടപ്പെട്ടു | സൂര്യൻ | …മ്പോഴും |

### 1- സൂര്യൻ ചുരുട്ടപ്പെട്ടുമ്പോൾ

സൂര്യൻ അണഞ്ഞുപോകുന്നതിന്റെ മനോഹരമായ ഒരു ഉൽപ്രേക്ഷയാണിത്. അറബിയിൽ തക്‌വീർ എന്ന പദത്തിനർഥം ചുറ്റുക എന്നാണ്. ശിരസ്സിൽ തലപ്പാവ് ചുറ്റിക്കെട്ടുന്നതിന് തക്‌വീർ എന്നു പറയുന്നു. വിശാലമായ ശിരോവസ്ത്രം തലയിൽ ചുരുട്ടിക്കെട്ടുന്നതാണല്ലോ തലപ്പാവ്. ഇവിടെ, സൂര്യനിൽനിന്നു പുറപ്പെട്ട് സൗരയൂഥം മുഴുക്കെ വ്യാപിക്കുന്ന പ്രകാശത്തെ ശിരോവസ്ത്രത്തോടുപമിച്ചുകൊണ്ട് പറയുകയാണ്: അന്ത്യനാളിൽ സൂര്യനാകുന്ന ഈ നിവർന്നുകിടക്കുന്ന ശിരോവസ്ത്രം ചുരുട്ടിവയ്ക്കപ്പെടുന്നതാണ്. അതായത്, അതിന്റെ പ്രകാശവ്യാപനം നിർത്തലാക്കപ്പെടും.

| وَإِذَا النُّجُومُ انكَدَرَتْ ﴿٢﴾<br>വ ഇദന്നുജൂമുങ്കദറത് | | |
|---|---|---|
| انكَدَرَتْ | النُّجُومُ | وَإِذَا |
| ഇങ്കദറത് | അന്നുജൂമു | വ ഇദ |
| ഉതിർന്നുവീണു | നക്ഷത്രങ്ങൾ | ...മ്പോഴും |

**2- നക്ഷത്രങ്ങൾ ഉതിർന്നുവീഴുമ്പോൾ**

നക്ഷത്രങ്ങളെ അവയുടെ അച്ചുതണ്ടിലും മണ്ഡലത്തിലും ഉറപ്പിച്ചുനിർത്തുന്ന കെട്ടുകൾ അഴിച്ചുവിടപ്പെടും. ഗ്രഹങ്ങളും ഉപഗ്രഹങ്ങളും പ്രപഞ്ചത്തിലെങ്ങും ചിന്നിച്ചിതറും. കൂടാതെ 'ഇങ്കദറ' എന്ന പദം മങ്ങുക എന്ന ആശയവും കൂടി ഉൾക്കൊള്ളുന്നുണ്ട്. അവ ഉതിർന്നു ചിതറുക മാത്രമല്ല, ഇരുണ്ടുപോവുകയും ചെയ്യുമെന്ന് അതിൽനിന്ന് വ്യക്തമാകുന്നു.

| وَإِذَا الْجِبَالُ سُيِّرَتْ ﴿٣﴾<br>വ ഇദൽ ജിബാലു സുയ്യിറത് | | |
|---|---|---|
| سُيِّرَتْ | الْجِبَالُ | وَإِذَا |
| സുയ്യിറത് | അൽ ജിബാലു | വ ഇദ |
| ചലിപ്പിക്കപ്പെട്ടു | പർവതങ്ങൾ | ...മ്പോഴും |

**3- പർവതങ്ങൾ ചലിപ്പിക്കപ്പെടുമ്പോൾ**

അന്ന് ഭൂമിയുടെ ആകർഷണശക്തി നഷ്ടപ്പെടും. ആകർഷണശക്തി മൂലമാണല്ലോ പർവതങ്ങൾക്ക് ഭാരമുണ്ടാകുന്നതും അവ ഭൂമിയിൽ ഉറച്ചുനിൽക്കുന്നതും. ആകർഷണശക്തി ഇല്ലാതാകുന്നതോടെ പർവതങ്ങളെല്ലാം അവയുടെ സ്ഥാനങ്ങളിൽനിന്ന് ഇളകി ഉയർന്നുപോകും. ഭാരശൂന്യമായിത്തീർന്ന അവ മേഘങ്ങൾ പോലെ അന്തരീക്ഷത്തിൽ പാറിനടക്കും.

| وَإِذَا الْعِشَارُ عُطِّلَتْ ﴿٤﴾<br>വ ഇദൽ ഇശാറു ഉത്ത്വിലത് | | |
|---|---|---|
| عُطِّلَتْ | الْعِشَارُ | وَإِذَا |
| ഉത്ത്വിലത് | അൽ ഇശാറു | വ ഇദ |
| ഉപേക്ഷിക്കപ്പെട്ടു | പൂർണ ഗർഭിണികളായ ഒട്ടകങ്ങൾ | ...മ്പോഴും |

**4- പൂർണ ഗർഭിണികളായ ഒട്ടകങ്ങൾ ഉപേക്ഷിക്കപ്പെടുമ്പോൾ**

അറബികളുടെ മനസ്സിൽ അന്ത്യനാളിന്റെ രൗദ്രതയുടെ ചിത്രം പതിയുന്നതിനുള്ള സമർഥമായ ഒരു ശൈലിയായിരുന്നു ഇത്. ഇന്നത്തെ കാറും ബസ്സുമൊക്കെ ഉണ്ടാകുന്നതിനു മുമ്പ്, അറബികളെ സംബന്ധിച്ചിടത്തോളം ചെന തികഞ്ഞ ഒട്ടകത്തോളം മൂല്യമുള്ള മറ്റൊരു സ്വത്തുമുണ്ടായിരുന്നില്ല. അവ മോഷ്ടിക്കപ്പെടുകയോ മറ്റെന്തെങ്കിലും ആപത്തിനു വിധേയമാവുകയോ ചെയ്യാതിരിക്കാൻ അതീവ ജാഗ്രതയോടെ പരിപാലിക്കപ്പെട്ടിരുന്നു. ഇത്തരം ഒട്ടകങ്ങളെക്കുറിച്ച് ആളുകൾ അശ്രദ്ധരായിപ്പോവുക എന്നാലർഥം, ഈ സന്ദർഭത്തിൽ അവർക്ക് ഏറ്റവും പ്രിയപ്പെട്ട സ്വത്തിനെപ്പോലും മറന്നുപോകത്തക്കവണ്ണമുള്ള ആപത്തു വന്നുഭവിക്കുക എന്നാകുന്നു.

| وَإِذَا الْوُحُوشُ حُشِرَتْ ﴿٥﴾<br>വ ഇദൽ വുഹൂശു ഹുശിറത് | | |
|---|---|---|
| حُشِرَتْ | الْوُحُوشُ | وَإِذَا |
| ഹുശിറത് | അൽ വുഹൂശു | വ ഇദ |
| ഒരുമിച്ചുകൂട്ടപ്പെട്ടു | വന്യമൃഗങ്ങൾ | ...ബോഴും |

**5- വന്യമൃഗങ്ങൾ ഒരുമിച്ചുകൂട്ടപ്പെട്ടുമ്പോൾ**

ലോകത്ത് വ്യാപകമായ ആപത്തുണ്ടാകുമ്പോൾ സകല ജന്തുക്കളും ഇടചേർന്ന് ഒരിടത്ത് ഓടിക്കൂടുന്നു. ചെറുതും വലുതുമായ എല്ലാ ജീവികളും ഒരുമിച്ചു കൂട്ടപ്പെടും.

| وَإِذَا الْبِحَارُ سُجِّرَتْ ﴿٦﴾<br>വ ഇദൽ ബീഹാറു സുജ്ജിറത് | | |
|---|---|---|
| سُجِّرَتْ | الْبِحَارُ | وَإِذَا |
| സുജ്ജിറത് | അൽബീഹാറു | വ ഇദ |
| കത്തിക്കപ്പെട്ടു | കടലുകൾ | ...ബോഴും |

**6- കടലുകൾ കത്തിക്കപ്പെട്ടുമ്പോൾ**

അന്ത്യനാളിൽ സമുദ്രങ്ങളിൽ തീയാളിപ്പടരുമെന്നത് പ്രത്യക്ഷത്തിൽ വിചിത്രമായിത്തോന്നാം. പക്ഷേ, ജലത്തിന്റെ യാഥാർഥ്യം വീക്ഷിച്ചാൽ ഇതു വിചിത്രമായിത്തോന്നേണ്ട കാര്യമൊന്നുമില്ല. ഓക്സിജൻ, ഹൈഡ്രജൻ എന്നീ രണ്ടു വാതകങ്ങൾ ചേർത്തു ജലം സൃഷ്ടിച്ചത് അല്ലാഹുവാണ്. അതിലൊന്ന് അഗ്നി ജ്വലിപ്പിക്കുന്നതും രണ്ടാമത്തേത് ജ്വലിച്ചുയരുന്നതുമാണ്. ഇവ രണ്ടിനെയും കൂട്ടിയിണക്കിയിട്ടാണവൻ തീ കെടുത്തുന്ന വെള്ളം സൃഷ്ടിച്ചത്. ദൈവിക ശക്തിയുടെ ഒരു സൂചന മതി, പ്രസ്തുത ഘടന മാറ്റപ്പെടാനും ഈ രണ്ടു വാതകങ്ങളും പരസ്പരം വേർപെട്ട് അവയുടെ മൗലികഗുണങ്ങളായ ജ്വലനത്തിലും ജ്വലിപ്പിക്കലിലും ഏർപ്പെടാനും.

| وَإِذَا النُّفُوسُ زُوِّجَتْ ﴿٧﴾<br>വ ഇദന്നുഫൂസു സുവ്വിജത് | | |
|---|---|---|
| زُوِّجَتْ | النُّفُوسُ | وَإِذَا |
| സുവ്വിജത് (Zuv'vijath ) | അന്നുഫൂസു | വ ഇദ |
| ഇണക്കപ്പെട്ടു | ആത്മാക്കൾ | ...ബോഴും |

**7- ആത്മാക്കൾ ഇണക്കപ്പെട്ടുമ്പോൾ**

തങ്ങൾക്ക് പരിചിതിമായ തലത്തിലായിരിക്കും മനുഷ്യൻ ആത്മാവോടു കൂടി പുതുതായി ജീവിപ്പിക്കപ്പെടുക. അപരിചിതത്വമില്ലാതെ സ്വർഗാവകാശികൾ സ്വർഗാവകാശികളുടെ കൂടെയും നരകാവകാശികൾ നരകാവകാശികളുടെ കൂടെയും ആയിരിക്കും.

| وَإِذَا الْمَوْءُودَةُ سُئِلَتْ ﴿٨﴾<br>വ ഇദൽ മൗഊദതു സുഇലത് | | |
|---|---|---|
| سُئِلَتْ | الْمَوْءُودَةُ | وَإِذَا |
| സുഇലത് | അൽ മൗഊദതു | വ ഇദ |
| ചോദിക്കപ്പെട്ടു | കുഴിച്ചുമൂടപ്പെട്ടവൾ | ...മ്പോഴും |

**8- കുഴിച്ചുമൂടപ്പെട്ട പെൺകുട്ടി ചോദിക്കപ്പെടുമ്പോൾ**

പെൺകുട്ടികളെ കുഴിച്ചുമൂടുക എന്ന നിർദയമായ അനാചാരം പുരാതന അറബികളിൽ പല കാരണങ്ങളാലാണ് പ്രചരിച്ചത്.

ഒന്ന്: സാമൂഹികമായ സ്ഥിതി. ആഹാരം ആവശ്യമുള്ളവരുടെ എണ്ണം കുറയ്ക്കാനും കുട്ടികളെ തീറ്റിപ്പോറ്റുന്ന ഭാരം ഒഴിവാക്കാനും അവരെ പ്രേരിപ്പിച്ചു. ഭാവിയിൽ വിഭവസമ്പാദനത്തിൽ ഏർപ്പെട്ടുകൊള്ളുമെന്ന പ്രതീക്ഷയുള്ളതുകൊണ്ട് ആൺകുട്ടികളെ അവർ വളർത്തിയിരുന്നു. എന്നാൽ യൗവനം വരെ പോറ്റിവളർത്തി പിന്നെ കെട്ടിച്ചുവിടേണ്ടവർ എന്ന നിലക്ക് പെൺകുട്ടികളെ നശിപ്പിച്ചുകളഞ്ഞു.

രണ്ട്: പൊതുവായ അരക്ഷിതത്വം. ഇത് കാരണം അവർ ആൺകുട്ടികളെ സംരക്ഷിച്ചുപോന്നു. ആൺകുട്ടികൾ എത്ര കൂടുതലുണ്ടോ കുടുംബത്തിന് അത്രത്തോളം സഹായവും സുരക്ഷിതത്വവും വർധിക്കുന്നു. പക്ഷേ, പെൺകുട്ടികളുടെ അവസ്ഥ ഇതായിരുന്നില്ല. ഗോത്ര സംഘട്ടനങ്ങളിലും മറ്റും അവരുടെ സംരക്ഷണം വലിയ ഭാരമായിരുന്നു. അവരെക്കൊണ്ടാണെങ്കിൽ യുദ്ധത്തിലോ വിഭവസമാഹരണത്തിലോ ഒരു പ്രയോജനവുമില്ലതാനും. അതുകൊണ്ടവർ പെൺകുട്ടികളെ നശിപ്പിച്ചുപോന്നു.

മൂന്ന്: പൊതുവായ അരക്ഷിതത്വം. ശത്രുഗോത്രങ്ങൾ ആകസ്മികമായി പരസ്പരം കടന്നാക്രമിക്കുമ്പോൾ കൈയിൽ കിട്ടുന്ന സ്ത്രീകളെ അവർ അടിമകളാക്കി വയ്ക്കുകയോ വിറ്റുകളയുകയോ ചെയ്തിരുന്നു. ഈ അപമാന സാധ്യതയിൽനിന്നു രക്ഷപ്പെടുവാൻ അവർ കണ്ടെത്തിയ ഒരു മാർഗം പെൺകുട്ടികളെ നേരത്തെ കൊന്നുകളയുകയായിരുന്നു. ഇക്കാരണങ്ങളാൽ അറബികളിൽ ഇങ്ങനെയൊരു സമ്പ്രദായം നിലവിൽ വന്നു. ചിലപ്പോൾ സ്ത്രീക്ക് പേറ്റുനോവു തുടങ്ങിയാൽ അവളുടെ മുമ്പിൽ ഒരു കുഴി തോണ്ടി വയ്ക്കുക. പ്രസവിച്ചതു പെണ്ണാണെങ്കിൽ ഉടനെ ആ കുഴിയിലെറിഞ്ഞ് മണ്ണിട്ടു മൂടുക. ചിലപ്പോൾ മാതാവോ കുടുംബാംഗങ്ങളിൽ മറ്റാരെങ്കിലുമോ അതിനു സമ്മതിച്ചില്ലെങ്കിൽ പിതാവ് മനമില്ലാമനസ്സോടെ കുറച്ചു നാൾ അതിനെ പോറ്റുകയും പിന്നീട് മരുഭൂമിയിൽ കൊണ്ടുപോയി ജീവനോടെ കുഴിച്ചുമൂടുകയും ചെയ്യുന്നു.

ഇക്കാര്യത്തിൽ അവർ കാണിച്ചിരുന്ന ക്രൗര്യത്തിന്റെ കഥ ഒരാൾ ഒരിക്കൽ നബി(സ)ക്ക് നേരിട്ട് വിവരിച്ചുകൊടുക്കുകയുണ്ടായി. "എനിക്ക് എന്നോട് വളരെ ഇണക്കമുള്ള ഒരു പെൺകുട്ടിയുണ്ടായിരുന്നു. ഞാൻ വിളിച്ചാൽ അവൾ എന്റെ അടുത്തേക്ക് തുള്ളിച്ചാടി വരുമായിരുന്നു. ഒരിക്കൽ ഞാനവളെ വിളിച്ചു കൂടെ കൂട്ടി നടന്നു. വഴിക്ക് ഒരു കിണറുകണ്ടു. ഞാനവളുടെ കൈപിടിച്ച് ആ കിണറ്റിലേക്ക് തള്ളിയിട്ടു. അവളിൽനിന്നു ഞാൻ കേട്ട അവസാനത്തെ ശബ്ദം ഉപ്പാ, ഉപ്പാ... എന്നായിരുന്നു. ഇതു കേട്ട് തിരുമേനി കരഞ്ഞുപോയി. അദ്ദേഹത്തിന്റെ കണ്ണുകൾ വഴിഞ്ഞൊഴുകി. സദസ്സിലൊരാൾ പറഞ്ഞു: "ഹേ മനുഷ്യാ, നിങ്ങൾ തിരുമേനിയെ വേദനിപ്പിച്ചു കളഞ്ഞല്ലോ" തിരുമേനി പറഞ്ഞു: "അയാളെ തടയേണ്ട. സ്തോഭജനകമായ ഈ സംഗതിയെക്കുറിച്ച് അയാളോട് ചോദിക്കട്ടെ" തുടർന്ന് സംഭവം വീണ്ടും പറയാൻ തിരുമേനി അയാളോടാവശ്യപ്പെട്ടു. അയാൾ വീണ്ടും പറഞ്ഞു. അതു കേട്ട് തിരുമേനി ഏറെ കരഞ്ഞു. കണ്ണുനീരുകൊണ്ട് അദ്ദേഹത്തിന്റെ താടി നനഞ്ഞു. അനന്തരം തിരുമേനി അരുൾ ചെയ്തു: "ജാഹിലിയ്യാ (അജ്ഞാത) കാലത്ത് ചെയ്തുപോയതെല്ലാം അല്ലാഹു പൊറുത്തുതന്നിരിക്കുന്നു. ഇനി ജീവിതം പുതുതായി തുടങ്ങിക്കൊള്ളുക"

മനുഷ്യത്വരഹിതമായ ഈ ചെയ്തിയുടെ നികൃഷ്ടതയെക്കുറിച്ച് അറബികളിലാർക്കും ഒരു ബോധ്യവുമുണ്ടായിരുന്നില്ല എന്നു കരുതുന്നത് ശരിയല്ല. എത്രതന്നെ ദുഷിച്ചുകഴിഞ്ഞ സമൂഹമായാലും ഇത്തരം ക്രൂരകൃത്യങ്ങളെക്കുറിച്ച്

അത് തികച്ചും ബോധശൂന്യമാവുകയില്ല. അതുകൊണ്ടുതന്നെയാണ് ഈ ചെയ്തിയുടെ ഹീനത വിശുദ്ധ ഖുർആൻ ഏറെ വിസ്തരിക്കാതിരുന്നത്. കിടിലംകൊള്ളിക്കുന്ന വാക്കുകളിൽ അത് 'ജീവനോടെ കുഴിച്ചുമൂടപ്പെട്ട പെൺകുട്ടി എന്തു കുറ്റത്തിനാണവൾ വധിക്കപ്പെട്ടതെന്ന് ചോദിക്കുന്ന ഒരു സന്ദർഭം വരുന്നുണ്ട്' എന്നു മാത്രം പറഞ്ഞു മതിയാക്കിയിരിക്കുന്നു. ജാഹിലിയ്യാ (അജ്ഞാത)കാലത്തും ഈ കൃത്യത്തിന്റെ നികൃഷ്ടതയെക്കുറിച്ച് ബോധമുള്ള ധാരാളമാളുകളുണ്ടായിരുന്നുവെന്ന് അറേബ്യൻ ചരിത്രത്തിൽനിന്നും മനസ്സിലാക്കാവുന്നതാണ്. പ്രസിദ്ധ കവി ഫറസ്ദഖിന്റെ പിതാമഹൻ സ്വഅ്സ്വഅത് നബി(സ)യോടു ബോധിപ്പിച്ചു: ''ഞാൻ ജാഹിലിയ്യാ കാലത്ത് കുറേ സൽക്കർമങ്ങൾ ചെയ്തിട്ടുണ്ട്. മുന്നൂറ്റി അറുപത് പെൺകുട്ടികളെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്നു രക്ഷിച്ചു എന്നതാണതിലൊന്ന്. ഓരോ കുട്ടിയുടെയും ജീവൻ രക്ഷിക്കാൻ രണ്ട് ഒട്ടകങ്ങളെ വീതം നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. എനിക്കതിനു പ്രതിഫലം ലഭിക്കുമോ?'' തിരുമേനി പറഞ്ഞു: ''നിങ്ങൾക്കതിനു പ്രതിഫലമുണ്ട്. നിങ്ങൾക്ക് ഇസ്‌ലാം സ്വീകരിക്കാൻ സൗഭാഗ്യമരുളി എന്നതാണത്.''

അറബികളിൽ ഈ കിരാതചെയ്തി അവസാനിപ്പിക്കുക മാത്രമല്ല, പെൺകുട്ടികൾ ജനിക്കുക എന്നത് മനമില്ലാമനസ്സോടെ സഹിക്കേണ്ട ഒരത്യാഹിതവും ആപത്തുമാണെന്ന സങ്കൽപം തന്നെ ഉടച്ചുമാറ്റുകയും ചെയ്തത് ഇസ്‌ലാമിന്റെ മഹത്തായ അനുഗ്രഹങ്ങളിലൊന്നാകുന്നു. ഈ സങ്കൽപത്തിനെതിരെ ഇസ്‌ലാം പഠിപ്പിച്ചതിങ്ങനെയാണ്: പെൺകുട്ടികളെ വളർത്തുകയും അവർക്ക് മികച്ച വിദ്യാഭ്യാസവും ശിക്ഷണവും നൽകുകയും നല്ല കുടുംബിനിയാകാൻ യോഗ്യയാക്കുകയും ചെയ്യുന്നത് വളരെ ശ്രേഷ്ഠമായ പുണ്യകർമമാകുന്നു. ഇവ്വിഷയകമായി, പെൺകുട്ടികളെ സംബന്ധിച്ചുണ്ടായിരുന്ന പൊതുസങ്കൽപത്തെ നബി(സ) മാറ്റിയെടുത്തതെങ്ങനെയായിരുന്നുവെന്ന് മനസ്സിലാക്കാനുതകുന്ന നിരവധി തിരുവചനങ്ങൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണത്തിന്:

''ഒരുവൻ ഈ പെൺമക്കളുടെ ജനനത്തോടെ പരീക്ഷിക്കപ്പെടുകയും എന്നിട്ടവൻ അവരോട് നന്നായി വർത്തിക്കുകയും ചെയ്താൽ അവർ അവന് നരകത്തീയിൽ നിന്നുള്ള മറയായിത്തീരുന്നു'' (ബുഖാരി, മുസ്‌ലിം).

''ഒരുവൻ പ്രായപൂർത്തിയാകുന്നതുവരെ രണ്ടു പെൺകുട്ടികളെ പോറ്റിയാൽ അന്ത്യനാളിൽ അവനും ഞാനും ഇങ്ങനെയാണ് വരുക'' എന്നു പറഞ്ഞുകൊണ്ട് നബി(സ) തന്റെ വിരലുകൾ ചേർത്തുപിടിച്ചു (മുസ്‌ലിം).

''ഒരുവൻ മൂന്നു പെൺകുട്ടികളെ അല്ലെങ്കിൽ അവരെപ്പോലുള്ള സഹോദരികളെ പോറ്റിവളർത്തുകയും അവർക്ക് നല്ല ശിക്ഷണം നൽകുകയും അവർ പ്രാപ്തരാകുന്നതുവരെ കാരുണ്യം പകർന്നുകൊടുക്കുകയും ചെയ്താൽ അല്ലാഹു അവന് സ്വർഗം നിർബന്ധമാക്കുന്നു.'' ഒരാൾ ചോദിച്ചു: ''രണ്ടു പെൺകുട്ടികളെ വളർത്തിയാലോ തിരുദൂതരേ?'' തിരുമേനി പറഞ്ഞു: ''രണ്ടു പെൺകുട്ടിളെ വളർത്തിയാലും.'' ''ഒരു പെൺകുട്ടിയുള്ള ഒരുവൻ അവളെ കുഴിച്ചുമൂടാതെ, നിന്ദിക്കാതെ, ആൺകുട്ടിക്ക് അവളെക്കാൾ പ്രാധാന്യം നൽകാതെ വളർത്തിയാൽ അവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതാകുന്നു'' (അബൂദാവൂദ്).

''ഒരുവന് മൂന്നു പെൺമക്കളുണ്ടായിട്ട് അവനതിൽ ക്ഷമിക്കുകയും തന്റെ കഴിവിനനുസരിച്ച് അവരെ നല്ല ഉടുപ്പുകളണിയിക്കുകയും ചെയ്താൽ അവർ അവന് നരകാഗ്നിയിൽനിന്നുള്ള മറയായിത്തീരുന്നു'' (ബുഖാരിയുടെ അദബുൽ മുഫ്റദ്, ഇബ്നു മാജ). ഈ അധ്യാപനങ്ങൾ പെൺമക്കളെക്കുറിച്ചുള്ള അറബികളുടെ വീക്ഷണത്തെ മാത്രമല്ല മാറ്റിമറിച്ചത്; ലോകത്തെങ്ങും ഇസ്‌ലാമിന്റെ അനുഗ്രഹം ഒഴുകിയെത്തിയ എല്ലാ സമൂഹങ്ങളുടെയും വീക്ഷണത്തെ അത് പരിവർത്തിപ്പിച്ചിട്ടുണ്ട്.

| بِأَيِّ ذَنبٍ قُتِلَتْ ﴿٩﴾<br>ബി അയ്യി ദൻബിങ്കുതിലത് | | |
|---|---|---|
| قُتِلَتْ | ذَنبٍ | بِأَيِّ |
| ക്വുതിലത് | ദൻബിൻ | ബി അയ്യി |
| വധിക്കട്ടു | പാപം | ഏതൊരു |

**9- ഏതൊരു പാപത്തിന്റെ പേരിലാണ് താൻ വധിക്കപ്പെട്ടതെന്ന്.**

സൂക്തത്തിന്റെ ശൈലിയിൽ രൂക്ഷമായ ക്രോധം മുഴങ്ങുന്നുണ്ട്. അതിലേറെ ക്രോധരൂക്ഷത സങ്കൽപിക്കാനാവില്ല. പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടിയ മാതാപിതാക്കൾ അല്ലാഹുവിന്റെ ദൃഷ്ടിയിൽ അത്യധികം വെറുക്കപ്പെട്ടവരാണ്. എന്തിനവരെ കൊന്നുകളഞ്ഞുവെന്ന് അവൻ ആ മാതാപിതാക്കളോട്ട ചോദിക്കുകയില്ല. മറിച്ച്, അവരുടെ മുന്നിൽ വെച്ച് നിർമലയായ ആ ശിശുവിനോടാണവൻ ചോദിക്കുക, നിസ്സഹായയായ നീ വധിക്കപ്പെട്ടത് എന്തു കുറ്റത്തിനാണെന്ന്. അത് തന്റെ കഥ പറയും. അക്രമികളായ മാതാപിതാക്കൾ തന്നോട് എന്തക്രമമാണ് പ്രവർത്തിച്ചതെന്നും എങ്ങനെയാണവർ തന്നെ കുഴിച്ചുമൂടിയതെന്നും പരിതപിക്കും. ഇതുകൂടാതെ ഈ കൊച്ചു സൂക്തം വാക്കുകളിൽ പറയാത്തതും സന്ദർഭത്തിൽനിന്ന് വ്യക്തമാകുന്നതുമായ രണ്ട് സുപ്രധാന വിഷയങ്ങൾ ഉൾക്കൊള്ളുന്നുണ്ട്.

ഒന്ന്: അറബികളെ തങ്ങളുടെ അന്ധകാര/അജ്ഞതയുടെ കാലത്ത് അവരുടെ ധർമച്യുതി എത്രത്തോളം വളർന്നിരുന്നുവെന്ന് ബോധ്യപ്പെടുത്തുകയാണ്. അവർ സ്വന്തം മക്കളെ സ്വകരങ്ങൾ കൊണ്ട് ജീവനോടെ കുഴിച്ചുമൂടുന്നു. എന്നിട്ടും അവർ അതേ അന്ധകാരത്തിലും അജ്ഞതയിലും ശഠിച്ചുനിൽക്കുകയും അവരുടെ വഴിതെറ്റിയ സമൂഹത്തിൽ മുഹമ്മദ് നബി (സ) വരുത്താൻ ശ്രമിക്കുന്ന സംസ്കരണങ്ങളെ തിരസ്കരിക്കുകയും ചെയ്യുകയാണ്.

രണ്ട്: ഈ സൂക്തം പരലോകത്തിന്റെ അനിവാര്യത സ്ഥാപിക്കുന്ന സ്പഷ്ടമായ ഒരു തെളിവ് ഉൾക്കൊള്ളുന്നുവെന്നതാണ്. ജീവനോടെ കുഴിച്ചുമൂടപ്പെട്ട പെൺകുട്ടിക്ക് എപ്പോഴെങ്കിലും നീതി കിട്ടേണ്ടതുണ്ട്. ഈ അക്രമം ചെയ്തവർ ഈ കൊടും പാതകത്തിന്റെ പേരിൽ വിചാരണ ചെയ്യപ്പെടുന്ന ഒരു സന്ദർഭവും എപ്പോഴെങ്കിലും ഉണ്ടാവണം. കുഴിച്ചുമൂടപ്പെടുന്ന പെൺകുട്ടിയുടെ ആവലാതികൾ കേൾക്കുന്നവരാരും ഈ ലോകത്തുണ്ടായിരുന്നില്ല. അജ്ഞതയുടെ (ജാഹിലിയ്യാ) കാലത്ത് ഈ ചെയ്തി തികച്ചും അനുവദനീയമായിരുന്നുവല്ലോ. മാതാപിതാക്കൾക്ക് അതിൽ ലജ്ജയേതുമുണ്ടായിരുന്നില്ല. കുടുംബാംഗങ്ങളിൽ ആരും അതിനെ ആക്ഷേപിച്ചിരുന്നുമില്ല. സമൂഹത്തിൽ അത് വിമർശനാർഹമല്ലായിരുന്നു. എന്നിരിക്കെ ദൈവികനീതിയിലും ഈ നിഷ്ഠുരമായ അക്രമം അന്യായമായിത്തന്നെ കിടക്കണമെന്നാണോ?

| وَإِذَا الصُّحُفُ نُشِرَتْ ﴿١٠﴾<br>വ ഇദസ്സുഹഫു നുശിറത് | | |
|---|---|---|
| نُشِرَتْ | الصُّحُفُ | وَإِذَا |
| നുശിറത് | അൽസ്സുഹഫു | വ ഇദ |
| നിവർത്തപ്പെട്ടു | ഏടുകൾ | ...മ്പോഴും |

**10- കർമ പുസ്തകത്തിലെ താളുകൾ നിവർത്തപ്പെടുമ്പോൾ.**

മനുഷ്യ തന്റെ ജീവിതകാലത്ത് ചെയ്തു വെച്ച എല്ലാ നന്മകളും തിന്മകളും വിട്ടു പോകാതെ രേഖപ്പെടുത്തപ്പെട്ടതായി ഓരോ മനുഷ്യനും ലഭ്യമാകും. അപ്പോൾ അധർമ്മി സ്വന്തം കർമപുസ്തകത്തിന്റെ ഉള്ളടക്കത്തിൽ പരിഭ്രാന്തനായി വിലപിക്കും: "എന്തൊരു പുസ്തകമാണിത്. ചെറുതും വലുതുമായ യാതൊരു ചലനത്തെയും അതുൾക്കൊള്ളാതെ വിട്ടിട്ടില്ലല്ലോ!" അവർ പ്രവർത്തിച്ചതൊക്കെയും മുമ്പിൽ ഹാജരായതായി കാണുന്നു. സൽകർമ്മി സന്തോഷത്തോടെ വിളിച്ചു പറയും "ഇതാ എന്റെ കർമ്മ പുസ്തകം വന്നൊന്ന് വായിച്ചു നോക്ക്. ഇങ്ങിനെ ഒരു വിചാരണ ഉണ്ടാകുമെന്ന് ഞാൻ നേരത്തെ മനസ്സിലാകിയിരിന്നു"

| وَإِذَا السَّمَاءُ كُشِطَتْ ﴿١١﴾<br>വ ഇദസ്സമാഉ കുശിത്വത് | | |
|---|---|---|
| كُشِطَتْ | السَّمَاءُ | وَإِذَا |
| കുശിത്വത് | അൽസ്സമാഉ | വ ഇദ |
| മറനീക്കപ്പെട്ടു | ആകാശം | ...മ്പോഴും |

**11- ആകാശത്തിന്റെ മറ മാറ്റപ്പെടുമ്പോൾ.**

ഇപ്പോൾ ദൃഷ്ടികൾക്കഗോചരമായിരിക്കുന്നതെല്ലാം അന്ന് ദൃശ്യമാകുമെന്നർഥം. ഇന്ന് ശൂന്യം അല്ലെങ്കിൽ മേഘങ്ങളും പൊടിപടലങ്ങളും സൂര്യചന്ദ്രന്മാരും നക്ഷത്രങ്ങളും മാത്രമേ കാണുന്നുള്ളൂ. പക്ഷേ, അന്ന് ദൈവത്തിന്റെ ദൈവികത അതിന്റെ യാഥാർഥ്യത്തോടു കൂടി എല്ലാവർക്കും മുമ്പിൽ അനാഛാദനം ചെയ്യപ്പെടും.

| وَإِذَا الْجَحِيمُ سُعِّرَتْ ﴿١٢﴾<br>വ ഇദൽ ജഹീമു സുഇറത് | | |
|---|---|---|
| سُعِّرَتْ | الْجَحِيمُ | وَإِذَا |
| സുഇറത് | അൽ ജഹീമു | വ ഇദ |
| ആളിക്കത്തിക്കപ്പെട്ടു | നരകം | ...മ്പോഴും |

**12- നരകം ആളിക്കത്തിക്കപ്പെടുമ്പോൾ.**

വിചാരണാസഭയിൽ മർത്ത്യരുടെ കേസുകൾ കേൾക്കുന്ന സന്ദർഭത്തിൽ നരകാഗ്നി ആളിക്കത്തുന്നതായി എല്ലാവർക്കും കാണാനാകും.

| وَإِذَا الْجَنَّةُ أُزْلِفَتْ ﴿١٣﴾<br>വ ഇദൽ ജന്നതു ഉസ് ലിഫത് | | |
|---|---|---|
| أُزْلِفَتْ | الْجَنَّةُ | وَإِذَا |
| ഉസ്ലിഫത് (Uzlifath) | അൽ ജന്നതു | വ ഇദ |
| അടുപ്പിക്കപ്പെട്ടു | സ്വർഗം | ...മ്പോഴും |

**13- സ്വർഗം അടുപ്പിക്കപ്പെടുമ്പോൾ.**

സ്വർഗവും അതിന്റെ എല്ലാ അനുഗ്രഹങ്ങളോടുമൊപ്പം എല്ലാവർക്കും ദൃശ്യമാകുന്നു. തങ്ങൾ വിലക്കപ്പെട്ടത് എന്തിൽനിന്നാണെന്ന് ദുഷ്ടജനവും, തങ്ങൾ ഏതു സംഗതിയിൽനിന്ന് രക്ഷപ്പെട്ട് എവ്വിധം അനുഗൃഹീതരായിരിക്കുന്നുവെന്ന് സജ്ജനവും മനസ്സിലാക്കാൻ വേണ്ടിയാണിത്.

| عَلِمَتْ نَفْسٌ مَّا أَحْضَرَتْ ﴿١٤﴾<br>അലിമത് നഫ്സുമ്മാ അഹ്ദറത് | | |
|---|---|---|
| مَّا أَحْضَرَتْ | نَفْسٌ | عَلِمَتْ |
| മ്മാ അഹ്ദറത് | നഫ്സുൻ | അലിമത് |
| അവൻ ഹാജറാക്കിയിട്ടുള്ളതിനെ | ഓരോരുത്തനും | അറിഞ്ഞു |

**14- അന്ന് ഓരോ മനുഷ്യനും താൻ എന്തുമായിട്ടാണ് വന്നതെന്നറിയുന്നു.**

പ്രതിഫലം നരകമായാലും സ്വർഗമായാലും അതിനർഹത തെളിയിക്കുന്ന കർമ്മ പുസ്തകം ഇപ്പോൾ ഓരോരുത്തരുടെയും കയ്യിലുണ്ട്. പ്രപഞ്ച സ്രഷ്ടാവിന്റെ മുന്നിൽ ഇന്ന് മനുഷ്യരെല്ലാം നിസ്സഹായരാണ്. ഇന്ന് തങ്ങളുടെ കർമ്മങ്ങളുടെ അടിസ്ഥാനത്തിലാണ് രക്ഷാ ശിക്ഷകൾ തീരുമാനിക്കപ്പെടുന്നത് കർമ്മങ്ങൾ ശരിപ്പെടുത്താൻ ഇനിയും ഭൂമിയിലേക്ക് ഒരു മടക്ക ജീവിതം അധർമ്മിക്കു മുന്നിലില്ല. സൽകർമ്മി സന്തുഷ്ടനാണ്. തന്റെ ക്ഷമക്കും പരിശ്രമത്തിനും ന്യായമായ പ്രതിഫലം കിട്ടാൻ പോകുന്നു.

| فَلَا أُقْسِمُ بِالْخُنَّسِ ﴿١٥﴾<br>ഫലാ ഉഖ്സിമു ബിൽ ഖുന്നസ് | | |
|---|---|---|
| بِالْخُنَّسِ | أُقْسِمُ | فَلَا |
| ബിൽ ഖുന്നസ് | ഉഖ്സിമു | ഫലാ |
| പിൻവാങ്ങുന്നവയെക്കൊണ്ട് | ഞാൻ സത്യം ചെയ്യുന്നു | എന്നാൽ അങ്ങനെയല്ല |

**15- അതിനാൽ, അല്ല, പിൻവാങ്ങിക്കൊണ്ടിരിക്കുന്ന നക്ഷത്രങ്ങൾ സാക്ഷി.**

രാത്രിയിൽ വെളിവാകുകയും പകൽ അപ്രത്യക്ഷമാവുകയും ചെയ്യുന്ന നക്ഷത്രങ്ങളാണ് സത്യം ഈ ഖുർആനിൽ പറഞ്ഞുകൊണ്ടിരിക്കുന്നത് ഭ്രാന്തജൽപനങ്ങളോ പൈശാചിക ദുർബോധനങ്ങളോ ആണെന്ന നിങ്ങളുടെ നിഗമനം ശരിയല്ല.

| الْجَوَارِ الْكُنَّسِ ﴿١٦﴾<br>അൽ ജവാരിൽ കുന്നസ് | |
|---|---|
| الْكُنَّسِ | الْجَوَارِ |
| അൽ കുന്നസ് | അൽ ജവാരി |
| അപ്രത്യക്ഷമാകുന്നവ | സഞ്ചരിക്കുന്നവ |

**16- അവ മുന്നോട്ട് സഞ്ചരിക്കുന്നവയും പിന്നീട് അപ്രത്യക്ഷമാകുന്നവയുമത്രെ.**

രാത്രിയിൽ സഞ്ചരിക്കുന്നതായി ആ നക്ഷത്രങ്ങൾ കാണപ്പെടുന്നു. പിന്നെ പകലാകുന്നതോടെ അവയെല്ലാം ആകാശത്ത് സാധാരണ ദൃഷ്ടിയിൽ നിന്നും അപ്രത്യക്ഷമാവുന്നതായും അനുഭവപ്പെടുന്നു.

| وَاللَّيْلِ إِذَا عَسْعَسَ ﴿١٧﴾<br>വല്ലൈലി ഇദാ അസ് അസ് | | |
|---|---|---|
| عَسْعَسَ | إِذَا | وَاللَّيْلِ |
| അസ് അസ് | ഇദാ | വല്ലൈലി |
| പിന്നിട്ടു | മ്പോൾ | രാത്രിയെക്കൊണ്ടും |

**17- വിടപറയുന്ന രാവ് സാക്ഷി.**

രാവ് അവസാനിച്ചു പകലിലേക്ക് പ്രവേശിക്കുന്നു എന്ന പ്രാപഞ്ചിക പ്രതിഭാസത്തിനു പിന്നിൽ ഒരു മനുഷ്യന്റെയും ബുദ്ധിയും അധ്വാനവും ഇല്ല, മറിച്ച് പ്രപഞ്ച സ്രഷ്ടാവും പരിപാലകനുമായ ദൈവത്തിന്റെ സുനിശ്ചിതമായ നിയമമനുസരിച്ചാണത് പ്രവർത്തിക്കുന്നത്.

| وَالصُّبْحِ إِذَا تَنَفَّسَ ﴿١٨﴾<br>വസ്സ്വുബ്ഹി ഇദാ തനഫ്ഫസ് | | |
|---|---|---|
| تَنَفَّسَ | إِذَا | وَالصُّبْحِ |
| തനഫ്ഫസ് | ഇദാ | വസ്സ്വുബ്ഹി |
| അത് വിടർന്നു വന്നു | മ്പോൾ | പ്രഭാതം കൊണ്ടും |

**18- നിശ്വാസംകൊള്ളുന്ന പ്രഭാതം സാക്ഷി.**

ഈ സത്യം ചെയ്യലുകൾ എന്തിനു വേണ്ടിയാണെന്ന് തുടർന്നുള്ള സൂക്തങ്ങളിൽ പറയുന്നുണ്ട്. സത്യം ചെയ്യുന്നതിന്റെ താൽപര്യമിതാണ്: മുഹമ്മദ് നബി(സ) കൂരിരുട്ടിൽ സ്വപ്നം കണ്ടതൊന്നുമല്ല. താരകങ്ങളസ്തമിക്കുകയും രാവ് വിടപറയുകയും പുലർകാലവെട്ടം പരക്കുകയും ചെയ്തുകഴിഞ്ഞ നേരം തുറന്ന മാനത്ത് അദ്ദേഹം ദൈവത്തിന്റെ മലക്കിനെ നേരിൽ കാണുകയായിരുന്നു. അതുകൊണ്ട് അദ്ദേഹം സംസാരിക്കുന്നത് സ്വന്തം കണ്ണുകൊണ്ട് കണ്ടതിന്റെയും പകൽവെളിച്ചത്തിൽ തികഞ്ഞ ബോധത്തോടെ അനുഭവിച്ചറിഞ്ഞിട്ടുളളതിന്റെയും അടിസ്ഥാനത്തിലാണ്.

| إِنَّهُ لَقَوْلُ رَسُولٍ كَرِيمٍ ﴿١٩﴾<br>ഇന്നഹു ലഖൗലു റസൂലിൻ കരീം | | | |
|---|---|---|---|
| كَرِيمٍ | رَسُولٍ | لَقَوْلُ | إِنَّهُ |
| കരീം | റസൂലിൻ | ലഖൗലു | ഇന്നഹു |
| ആദരണീയനായ | ഒരു ദൂതന്റെ | വചനം തന്നെയാണ് | ഉറപ്പായും ഇത് |

**19- ഉറപ്പായും ഇത് ആദരണീയനായ ഒരു ദൂതന്റെ വചനം തന്നെ.**

അടുത്ത സൂക്തങ്ങളിൽനിന്ന് സ്പഷ്ടമാകുന്നതനുസരിച്ച്, ആദരണീയനായ ദൂതൻ എന്നതുകൊണ്ടുദ്ദേശ്യം ദിവ്യസന്ദേശം കൊണ്ടുവരുന്ന മലക്കാകുന്നു. ഖുർആനെ ദൂതന്റെ വചനം എന്നു വിശേഷിപ്പിച്ചത് അത് മലക്കിന്റെ സ്വന്തം വചനമാണ് എന്ന അർഥത്തിലല്ല. 'ദൂതന്റെ വചനം' എന്ന പ്രയോഗംതന്നെ വ്യക്തമാക്കുന്നത്, മലക്കിനെ ദൂതനായി നിയോഗിച്ച അസ്തിത്വത്തിന്റെ വചനമാണതെന്നാകുന്നു. മുഹമ്മദ് നബി(സ)ക്ക് സന്ദേശവാഹകനായ മലക്കിന്റെ ജിഹ്വയിലൂടെയും ജനങ്ങൾക്ക് മുഹമ്മദ് നബി(സ)യുടെ ജിഹ്വയിലൂടെയുമാണീ ദൈവിക സന്ദേശം ലഭിച്ചുകൊണ്ടിരുന്നത്.

വചനം ജനങ്ങൾ ശ്രവിച്ചിരുന്നത് പ്രവാചക ജിഹ്വയിൽ നിന്നും പ്രവാചകൻ ശ്രവിച്ചിരുന്നത് ജിബ്രീലിന്റെ ജിഹ്വയിൽ നിന്നുമായിരുന്നു. അതുകൊണ്ട് ഒരു നിലയ്ക്ക് അത് പ്രവാചകന്റെ വചനമായിരുന്നു. മറ്റൊരു നിലയ്ക്ക് ജിബ്രീലിന്റെ വചനവുമായിരുന്നു. പക്ഷേ, തുടർന്ന്, അത് യഥാർഥത്തിൽ ജനസമക്ഷം പ്രവാചക ജിഹ്വയിലൂടെയും പ്രവാചക സമക്ഷം ജിബ്രീലിന്റെ ജിഹ്വയിലൂടെയും സമർപ്പിക്കപ്പെടുന്ന സർവലോക നാഥങ്കൽ നിന്നവതീർണമായ വചനമാണെന്നും വ്യക്തമാക്കുന്നുണ്ട്. കൂടാതെ, അത് അവരുടെ രണ്ടുപേരുടെയും വചനമല്ലെന്നും പ്രത്യുത, സന്ദേശവാഹകരെന്ന നിലയ്ക്ക് അവർക്കത് സന്ദേശമയക്കുന്നവനിൽ നിന്ന് അവതരിച്ചുകിട്ടിയതാണെന്നുമുള്ള വസ്തുതയിലേക്ക് റസൂൽ (ദൂതൻ) എന്ന പദം തന്നെയും വിരൽ ചൂണ്ടുന്നുണ്ട്.

| ذِي قُوَّةٍ عِندَ ذِي الْعَرْشِ مَكِينٍ ﴿٢٠﴾<br>ദീ ഖുവ്വത്തിൻ ഇന്ത ദിൽ അർശി മകീൻ | | | | |
|---|---|---|---|---|
| مَكِينٍ | الْعَرْشِ | عِندَ | قُوَّةٍ | ذِي |
| മകീൻ | അൽഅർശി | ഇന്ത | ഖുവ്വത്തിൻ | ദീ |
| സ്ഥാനമുള്ളവൻ | സിംഹാസനം | അടുത്ത് | ശക്തി | ഉള്ളവനായ |

**20- അതിശക്തൻ, സിംഹാസനമുടയന്റെ സന്നിധിയിൽ ഉന്നത സ്ഥാനമുള്ളവനുമാണദ്ദേഹം.**

സൂറ അന്നജ്മ് 4-5 സൂക്തങ്ങളിൽ ഈ ആശയം അവതരിപ്പിച്ചിട്ടുള്ളതിങ്ങനെയാണ്: ''ഇത് അദ്ദേഹത്തിനു ലഭിച്ച ദിവ്യബോധനം തന്നെയാകുന്നു. അജയ്യശക്തികളുള്ളവനാണ് അത് അദ്ദേഹത്തെ പഠിപ്പിച്ചത്''.

ജിബ്രീലിന്റെ അജയ്യശക്തികളും മഹത്തായ കഴിവുകളുംകൊണ്ട് എന്താണുദ്ദേശിക്കപ്പെട്ടിട്ടുള്ളത് എന്ന കാര്യം ഇവിടെ വ്യക്തമാക്കിയിട്ടില്ല. മലക്കുകളുടെ കൂട്ടത്തിൽതന്നെ അസാധാരണശക്തികളാൽ വ്യതിരിക്തനാണ് ജിബ്രീൽ എന്ന് ഇതിൽനിന്ന് ഏതായാലും മനസ്സിലാകുന്നുണ്ട്. റസൂൽ തിരുമേനി പ്രസ്താവിച്ചതായി ഹ. ആഇശ(റ) യിൽ നിന്ന് മുസ്‌ലിം ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു: ''ഞാൻ രണ്ടുതവണ ജിബ്രീലിനെ അതിന്റെ സാക്ഷാൽ രൂപത്തിൽ ദർശിച്ചിട്ടുണ്ട്. അതിന്റെ മഹാകാരം ആകാശത്തിനും ഭൂമിക്കുമിടയിൽ അന്തരീക്ഷത്തിൽ പരന്നു നിൽക്കുകയായിരുന്നു'' തിരുമേനി (സ) ജിബ്രീലിനെ അറുനൂറു ചിറകുകളുള്ള നിലയിൽ കണ്ടിട്ടുള്ളതായി അബ്ദുല്ലാഹിബ്നു മസ്ഊദിൽ നിന്ന് മുസ്‌ലിമും തിർമിദിയും മുസ്നദ് അഹ്മദും നിവേദനം ചെയ്തിട്ടുണ്ട്. ഇതിൽനിന്ന് ആ മഹാശക്തിയെ ഏതാണ്ടൂഹിക്കാമല്ലോ

| مُطَاعٍ ثَمَّ أَمِينٍ ﴿٢١﴾<br>മുത്വാഇൻ സമ്മ അമീൻ | | |
|---|---|---|
| أَمِينٍ | ثَمَّ | مُطَاعٍ |
| അമീൻ | സമ്മ | മുത്വാഇൻ |
| വിശ്വസ്തൻ | അവിടെ | അനുസരിക്കപ്പെടുന്നവൻ |

**21- അവിടെ അനുസരിക്കപ്പെടുന്നവനും വിശ്വസ്തനുമാണ്.**

മലക്കുകളെല്ലാം അതിന്റെ ആജ്ഞാനുസാരമാണ് പ്രവർത്തിക്കുന്നത്. ദൈവികസന്ദേശത്തിൽ തന്റെ വകയായി യാതൊന്നും കൂട്ടിച്ചേർക്കുകയില്ല. ദൈവത്തിങ്കൽനിന്ന് ലഭിച്ചതെന്തോ അത് അതേപടി എത്തിച്ചുകൊടുക്കുന്ന വിശ്വസ്തനാണ്.

| وَمَا صَاحِبُكُم بِمَجْنُونٍ ﴿٢٢﴾<br>വമാ സ്വാഹിബുകും ബിമജ്നൂൻ | | |
|---|---|---|
| بِمَجْنُونٍ | صَاحِبُكُم | وَمَا |
| ബിമജ്നൂൻ | സ്വാഹിബുകും | വമാ |
| ഭ്രാന്തൻ | നിങ്ങളുടെ കൂട്ടുകാരൻ | അല്ല |

**22- നിങ്ങളുടെ കൂട്ടുകാരൻ ഭ്രാന്തനല്ല.**

സാഹിബിന് കൂട്ടുകാരൻ, സുഹൃത്ത്, സഹപ്രവർത്തകൻ, സമീപസ്ഥൻ എന്നൊക്കെയാണർഥം. കൂട്ടുകാരൻ എന്നതുകൊണ്ടുദ്ദേശ്യം റസൂൽ തിരുമേനിയാണ്. അദ്ദേഹത്തെ മക്കാവാസികളുടെ സഹചാരി/ കൂട്ടുകാരൻ എന്നു വിശേഷിപ്പിച്ചത്, അദ്ദേഹം അവർക്കൊരപരിചിതനല്ലെന്നും പ്രത്യുത, സ്വന്തം നാട്ടുകാരനും സ്വഗോത്രജനുമാണെന്നും ജീവിതകാലം മുഴുവൻ അവർക്കിടയിൽതന്നെ കഴിച്ചുകൂട്ടിയവനാണെന്നും അദ്ദേഹം ഏതു സ്വഭാവക്കാരനാണെന്നും എന്തു പ്രകൃതക്കാരനാണെന്നും എങ്ങനെ പെരുമാറുന്നുവെന്നും ഇതുവരെ എങ്ങനെ ജീവിച്ചുവെന്നും അദ്ദേഹം എന്തുമാത്രം വിജ്ഞനും ഉദ്ബുദ്ധനുമാണെന്ന് അവരുടെ പട്ടണത്തിലെ കുട്ടികൾക്കുപോലും അറിയാം. അദ്ദേഹത്തെക്കുറിച്ച് നിങ്ങൾ വാ തുറന്നു വല്ലതും പറഞ്ഞാൽ അത്

അദ്ദേഹത്തിന് യോജിക്കുമോ, ഇല്ലേ എന്ന് നോക്കിക്കാണാൻ കഴിയുന്ന ആയിരക്കണക്കിൽ ആളുകൾ അദ്ദേഹത്തെ നന്നായി അറിയുന്നവരായി നിങ്ങൾക്കിടയിൽ ഉണ്ട്. അത്തരം ഒരാളെ മനഃപൂർവം ഭ്രാന്തനെന്ന് വിളിക്കുന്നവർ ലജ്ജിക്കണം എന്ന് ധ്വനി.

| وَلَقَدْ رَآهُ بِالْأُفُقِ الْمُبِينِ ﴿٢٣﴾<br>വലഖദ് റആഹു ബിൽ ഉഫുഖിൽ മുബീൻ | | | |
|---|---|---|---|
| الْمُبِينِ | بِالْأُفُقِ | رَآهُ | وَلَقَدْ |
| അൽമുബീൻ | ബിൽ ഉഫുഖി | റആഹു | വലഖദ് |
| തെളിഞ്ഞ | ചക്രവാളത്തിൽ | അദ്ദേഹത്തെ കണ്ടിട്ടുണ്ട് | ഉറപ്പായും |

**23- ഉറപ്പായും അദ്ദേഹം ജിബ്‌രീലിനെ തെളിഞ്ഞ ചക്രവാളത്തിൽ വെച്ച് കണ്ടിട്ടുണ്ട്.**

ചക്രവാളം എന്നതുകൊണ്ടുദ്ദേശ്യം സൂര്യൻ ഉദയംകൊണ്ട് കിരണങ്ങൾ പരത്തുന്ന പൂർവചക്രവാളമാണ്. ജിബ്രീൽ (അ) വിണ്ണിന്റെ പൂർവചക്രവാളത്തിൽ പ്രത്യക്ഷപ്പെട്ടശേഷം നബി തിരുമേനിയുടെ നേരെ അടുത്തുതുടങ്ങുകയും അങ്ങനെ തിരുമേനിക്ക് മുകളിലായി അന്തരീക്ഷത്തിൽ തങ്ങിനിൽക്കുകയും ചെയ്തു. അനന്തരം ജിബ്രീൽ തിരുമേനിക്കുനേരെ താണുവന്നു. എന്നിട്ട് രണ്ട് വില്ലളവോ അതിലൽപം കുറവോ അകലത്തിൽ നിലകൊണ്ടു. എന്നിട്ട് അല്ലാഹുവിന് തന്റെ ദാസനെ ബോധനം ചെയ്യാനുണ്ടായിരുന്നത് അവൻ ജിബ്രീൽ മുഖേന തിരുമേനിയെ ബോധനംചെയ്തു.

| وَمَا هُوَ عَلَى الْغَيْبِ بِضَنِينٍ ﴿٢٤﴾<br>വമാ ഹുവ അലൽ ഗൈബി ബിദനീൻ | | | | |
|---|---|---|---|---|
| بِضَنِينٍ | الْغَيْبِ | عَلَى | هُوَ | وَمَا |
| ബിദനീൻ | അൽ ഗൈബി | അല | ഹുവ | വമാ |
| പിശുക്ക് കാട്ടുന്നവൻ | അദൃശ്യകാര്യം | മേൽ | അദ്ദേഹം | അല്ല |

**24- അദ്ദേഹം അദൃശ്യവാർത്തകൾ ജനത്തിനെത്തിക്കുന്ന കാര്യത്തിൽ പിശുക്കനല്ല.**

റസൂൽ തിരുമേനി നിങ്ങളിൽനിന്ന് ഒന്നും ഒളിച്ചുവയ്ക്കുന്നില്ല. അല്ലാഹുവിങ്കൽനിന്നും തനിക്കു ലഭിക്കുന്ന അതിഭൗതിക ജ്ഞാനങ്ങളെല്ലാം -അത് അല്ലാഹുവിന്റെ സത്തയെയും ഗുണങ്ങളെയും കുറിച്ചുള്ളതാവട്ടെ, മലക്കുകളെ കുറിച്ചുള്ളതാവട്ടെ, മരണാനന്തരജീവിതത്തെയും പരലോകത്തെയും സ്വർഗനരകങ്ങളെയും കുറിച്ചുള്ളതാവട്ടെ- എല്ലാം യാതൊരു ഏറ്റക്കുറവുമില്ലാതെ ദൂതൻ നിങ്ങൾക്ക് പറഞ്ഞുതരുന്നുണ്ട്.

| وَمَا هُوَ بِقَوْلِ شَيْطَانٍ رَّجِيمٍ ﴿٢٥﴾<br>വമാ ഹുവ ബി ഖൗലി ശൈത്വാനിർറജീം | | | | |
|---|---|---|---|---|
| رَّجِيمٍ | شَيْطَانٍ | بِقَوْلِ | هُوَ | وَمَا |
| റജീം | ശൈത്വാനിൻ | ബി ഖൗലി | ഹുവ | വമാ |
| ശപിക്കപ്പെട്ട | പിശാചിന്റെ | വചനം | ഇത് | അല്ല |

**25- ഇത് ശപിക്കപ്പെട്ട പിശാചിന്റെ വചനവുമല്ല.**

മുഹമ്മദി(സ)ന്റെ ചെവിയിൽ ഏതോ പിശാച് വന്ന് ഓതിക്കൊടുക്കുന്നതാണ് ഈ ആശയങ്ങൾ എന്ന് വിചാരിക്കേണ്ടതില്ല. മനുഷ്യനെ ബഹുദൈവത്വത്തിൽനിന്നും വിഗ്രഹാരാധനയിൽനിന്നും നിർമതത്വത്തിൽനിന്നും നാസ്തികത്വത്തിൽനിന്നും അകറ്റി, ദൈവഭക്തിയും ഏകദൈവത്വവും പഠിപ്പിക്കുക ചെകുത്താന്റെ ദൗത്യമല്ല. മനുഷ്യനെ കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ ജീവിക്കുന്നതിനു പകരം ദൈവസമക്ഷം സമാധാനം ബോധിപ്പിക്കേണ്ടവനാണെന്ന് ബോധവൽക്കരിക്കുന്നതും ചെകുത്താന്റെ പണിയല്ല. അനാചാരങ്ങളും അക്രമങ്ങളും അധർമങ്ങളും നീചവൃത്തികളും വിലക്കി മനുഷ്യരെ ജീവിതശുദ്ധിയിലേക്കും നീതിയിലേക്കും ഭക്തിയിലേക്കും ശ്രേഷ്ഠധർമങ്ങളിലേക്കും മാർഗദർശനം ചെയ്യാൻ ചെകുത്താനു കഴിയുന്നതെങ്ങനെയാണ്?!

| فَأَيْنَ تَذْهَبُونَ ﴿٢٦﴾<br>ഫ അയ്ന തദ്ഹബൂൻ | | |
|---|---|---|
| تَذْهَبُونَ | أَيْنَ | فَ |
| തദ്ഹബൂൻ | അയ്ന | ഫ |
| നിങ്ങൾ പോകുന്നു | എങ്ങോട്ടാണ് | എന്നിരിക്കെ |

**26- എന്നിട്ടും നിങ്ങളെങ്ങോട്ടാണു പോയിക്കൊണ്ടിരിക്കുന്നത്.**

ഇത്രയൊക്കെ കാര്യ ഗൗരവത്തോടെ നിങ്ങളെ ബോദ്ധ്യപ്പെടുത്തിയിട്ടും ഈ ഖുറാൻ കേൾക്കാതെ പിന്നെ എങ്ങോട്ടാണ് നിങ്ങൾ തിരിഞ്ഞു പോകുന്നത്.

| إِنْ هُوَ إِلَّا ذِكْرٌ لِّلْعَالَمِينَ ﴿٢٧﴾<br>ഇൻ ഹുവ ഇല്ലാ ദിക്രുൻ ലിൽ ആലമീൻ | | |
|---|---|---|
| لِّلْعَالَمِينَ | إِلَّا ذِكْرٌ | إِنْ هُوَ |
| ലിൽ ആലമീൻ | ഇല്ലാ ദിക്രുൻ | ഇൻ ഹുവ |
| സർവലോകർക്കും | ഒരു ഉദ്ബോധനമല്ലാതെ | ഇതല്ല |

**27- ഇത് ലോകർക്കാകെയുള്ള ഉദ്ബോധനമല്ലാതൊന്നുമല്ല;**

ജീവിത യാഥാർത്യത്തെക്കുറിച്ചും, പരലോക വിജയത്തെക്കുറിച്ചും, രക്ഷാ ശിക്ഷകളെക്കുറിച്ചും ലോക ജനതക്ക് മുഴുവനായുമുള്ള ഉൽബോധനമാണ് ഈ ഖുർആന്റെ പ്രതിപാദ്യം. അതിനാൽ ജീവിത വിജയം ആഗ്രഹിക്കുന്ന എല്ലാ മനുഷ്യരും ശ്രദ്ധകൊടുക്കേണ്ട ഗ്രന്ഥമാണിത്.

| لِمَن شَاءَ مِنكُمْ أَن يَسْتَقِيمَ ﴿٢٨﴾<br>ലിമൻ ശാഅ മിൻകം അൻയസ്തഖീം | | | |
|---|---|---|---|
| أَن يَسْتَقِيمَ | مِنكُمْ | شَاءَ | لِمَن |
| അൻയസ്തഖീം | മിൻകം | ശാഅ | ലിമൻ |
| നേർവഴിയിൽ നിലകൊള്ളാൻ | നിങ്ങളിൽ | ഉദ്ദേശിച്ച | ഒരുവന് |

**28- നിങ്ങളിൽ നേർവഴിയിൽ നടക്കാനാഗ്രഹിക്കുന്നവർക്ക്.**

അതായത്, ഈ ഉപദേശവചനങ്ങൾ മനുഷ്യവർഗത്തിന്നാകമാനമുള്ളതാകുന്നു. എന്നാൽ, സന്മാർഗം സ്വയം ഇച്ഛിക്കുന്നവർക്കേ അത് പ്രയോജനപ്പെടൂ. മനുഷ്യൻ സത്യം തേടുന്നവനും നേർവഴിയെ സ്നേഹിക്കുന്നവനുമായിരിക്കുക എന്നത് അതിൽനിന്ന് പ്രയോജനം ലഭിക്കുന്നതിനുള്ള മുന്നുപാധികളാകുന്നു.

| وَمَا تَشَاءُونَ إِلَّا أَن يَشَاءَ اللَّهُ رَبُّ الْعَالَمِينَ﴿٢٩﴾<br>വമാ തശാഊന ഇല്ലാ അൻയശാ അല്ലാ ഹ റബ്ബുൽ ആലമീൻ | | | | | |
|---|---|---|---|---|---|
| الْعَالَمِينَ | رَبُّ | أَن يَشَاءَ اللَّهُ | إِلَّا | تَشَاءُونَ | وَمَا |
| അൽ ആലമീൻ | നാഥൻ | അൻയശാ അല്ലാ | ഇല്ലാ | തശാഊന | വമാ |
| സർവലോക | പരിപാലകൻ | അല്ലാഹ ഉദ്ദേശിച്ചാൽ | അല്ലാതെ | ഉദ്ദേശിക്കു | ഇല്ല |

**29- എന്നാൽ മുഴുലോകരുടെയും നാഥനായ അല്ലാഹ ഇഛിക്കുന്നതല്ലാതൊന്നും നിങ്ങൾക്ക് ആഗ്രഹിക്കാനാവില്ല.**

ഇവിടെ രണ്ടു കാര്യങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. ഒന്ന്, നേർവഴിയിൽ നടക്കാൻ ആഗ്രഹിക്കുന്നവർക്ക് തന്റെ നാഥനിലേക്കുള്ള മാർഗം സ്വീകരിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. രണ്ട്, അല്ലാഹ ഇഛിക്കാതെ നിങ്ങളുടെ ഇഛകൊണ്ട് മാത്രം ഒന്നും സംഭവിക്കുന്നില്ല. ഈ രണ്ടു സംഗതികളെക്കുറിച്ച് നന്നായി ചിന്തിച്ചുനോക്കിയാൽ മനുഷ്യസ്വാതന്ത്ര്യവും ദൈവേഛയും തമ്മിലുള്ള ബന്ധം ശരിക്കും മനസ്സിലാക്കാവുന്നതാണ്. വിധിവിശ്വാസം സംബന്ധിച്ച് പൊതുവിൽ ജനമനസ്സുകളിൽ സ്ഥലംപിടിക്കുന്ന സന്ദേഹങ്ങളെയെല്ലാം അതു ദൂരീകരിക്കുകയും ചെയ്യും.

ഒന്നാമത്തേത് മനസ്സിലാക്കിത്തരുന്നത് ഇതാണ്: ഈ ലോകത്ത് മനുഷ്യന്ന് നൽകപ്പെട്ടിട്ടുള്ള സ്വാതന്ത്ര്യം, അവൻ ഇവിടെ ജീവിതം നയിക്കുന്നതിനു വേണ്ടി, തന്റെ മുന്നിൽ വരുന്ന വിവിധ സരണികളിൽ ഏതു സരണി സ്വീകരിക്കണമെന്ന് സ്വയം തീരുമാനിക്കുക എന്ന പരിധിയിൽ പരിമിതമാകുന്നു. തെരഞ്ഞെടുക്കാനുള്ള ഈ സ്വാതന്ത്ര്യം (Freedom of choice) ആണ് അല്ലാഹ മനുഷ്യന്ന് നൽകിയിട്ടുള്ളത്. ഉദാഹരണമായി, നിത്യവൃത്തി തേടുന്ന ഒരാൾ. അയാളുടെ മുന്നിൽ പലവഴികളുണ്ട്. ചിലത് കൃഷി, കച്ചവടം, വ്യവസായം, ഉദ്യോഗം, കൈത്തൊഴിൽ എന്നിവപോലെ അനുവദനീയങ്ങളാണ്. ചിലത് മോഷണം, കവർച്ച, പലിശക്കച്ചവടം, കൈക്കൂലി, ചാരിത്ര്യവിൽപന, ചൂതാട്ടം, അവിഹിതമായ തൊഴിലുകൾ എന്നിവ പോലെ നിഷിദ്ധവും. ഇവയിൽ നിത്യവൃത്തിക്കായി ഏതു മാർഗം സ്വീകരിക്കണമെന്ന തീരുമാനം മനുഷ്യന്റെ തെരഞ്ഞെടുപ്പിനു വിട്ടുകൊടുത്തിരിക്കുന്നു. വ്യത്യസ്ത സ്വഭാവരീതികളും ഇപ്രകാരം തന്നെ. ഉത്തരവാദിത്വം, വിശ്വസ്തത, സത്യസന്ധത, മാന്യത, നീതി, കാരുണ്യം, സഹാനുഭൂതി തുടങ്ങിയ സദ്ഗുണങ്ങൾ ഒരുവശത്ത്. അപകർഷത, നിരുത്തരവാദിത്വം, അക്രമം, കാപട്യം, കളവ്, അവിവേകം തുടങ്ങിയ ദുർഗുണങ്ങൾ മറുവശത്തും. ഇതിൽ ഇഷ്ടമുള്ള ഏതു സ്വഭാവരീതിയും തെരഞ്ഞെടുക്കാൻ മനുഷ്യന്ന് പൂർണ സ്വാതന്ത്ര്യമുണ്ട്. മതങ്ങളുടെയും വിശ്വാസങ്ങളുടെയും കാര്യവും ഇപ്രകാരംതന്നെ. ആ വകയിലും പല സരണികൾ മനുഷ്യന് മുമ്പിൽ തുറന്നുകിടപ്പുണ്ട്. നാസ്തികത്വം, ബഹുദൈവത്വം, വിഗ്രഹാരാധന, ഏകദൈവത്വവും ബഹുദൈവത്വവും കൂടിക്കുഴഞ്ഞ സങ്കരങ്ങൾ, ഖുർആൻ പഠിപ്പിക്കുന്ന തനി ഏകദൈവാരാധന എന്നിങ്ങനെ. അതിൽ ഏത് സ്വീകരിക്കണമെന്ന തീരുമാനം മനുഷ്യന്നുതന്നെ വിട്ടുകൊടുത്തിരിക്കുകയാണ്. അല്ലാഹ സ്വന്തം തീരുമാനം മനുഷ്യനിൽ അടിച്ചേൽപ്പിക്കുന്നില്ല. അതായത്, മനുഷ്യൻ അനുവദനീയമായ നിത്യവൃത്തി ആഗ്രഹിക്കുകയും

അല്ലാഹ ബലാൽക്കാരം അവനെ നിഷിദ്ധ ഭക്ഷണം കഴിക്കുന്നവനാക്കുകയും ചെയ്യുന്നില്ല. അല്ലെങ്കിൽ അവൻ ഖുർആനിനെ അനുഗമിക്കാനാഗ്രഹിക്കുമ്പോൾ അല്ലാഹ അവനെ നാസ്തികനോ ബഹുദൈവവിശ്വാസിയോ സത്യനിഷേധിയോ ആക്കുന്നില്ല. മനുഷ്യൻ സച്ചരിതനായിത്തീരണമെന്നാഗ്രഹിക്കുമ്പോൾ അല്ലാഹ നിർബന്ധിച്ച് അവനെ ദുഷ്ടനാക്കുക എന്നതും ഒരിക്കലും സംഭവിക്കുന്നില്ല.

രണ്ടാമതായി മനുഷ്യന് താൻ ഉദ്ദേശിച്ചതുതന്നെ പ്രായോഗികമായി ചെയ്യാൻ കഴിയുക എന്നത് അല്ലാഹവിന്റെ ഇഛയെയും അനുമതിയെയും ഉതവിയെയും ആശ്രയിച്ചിരിക്കുന്നു. മനുഷ്യൻ ചെയ്യാനാശിക്കുകയോ ഉദ്ദേശിക്കുകയോ തീരുമാനിക്കുകയോ ചെയ്തതുതന്നെ പ്രവർത്തിച്ചുകൊള്ളട്ടെ എന്ന് അല്ലാഹവിന്റെ ഇഛ ഉണ്ടെങ്കിലേ മനുഷ്യനത് ചെയ്യാൻ കഴിയൂ. മനുഷ്യൻ എത്രതന്നെ ശ്രമിച്ചാലും അല്ലാഹവിന്റെ ഇഛയും അനുമതിയുമില്ലാതെ ഒന്നും ചെയ്യാനാവില്ല. ഇവ്വിഷയകമായി ഗ്രഹിച്ചിരിക്കേണ്ട ഒരു കാര്യമിതാണ്: ഈ ലോകത്ത് മനുഷ്യന്ന് സകല സ്വാതന്ത്ര്യങ്ങളും നൽകിയിട്ട് അവനാഗ്രഹിക്കുന്നതെന്തും ചെയ്തുകളയാനുള്ള കഴിവും അവന്റെ ഇഷ്ടത്തിനുതന്നെ വിട്ടുകൊടുത്തിരിക്കുന്നുവെങ്കിൽ പ്രാപഞ്ചിക വ്യവസ്ഥയാകെ താറുമാറാകും. ലോകത്തുള്ള സകല മനുഷ്യരെയും കൊന്നുകളയാൻ ഒരു ഘാതകൻ മതിയാകുമായിരുന്നു- അവന് തോന്നുന്ന ആരെയും കൊല്ലാനുള്ള സൗകര്യം ലഭിക്കുകയാണെങ്കിൽ. ഇഷ്ടമുള്ളയാരെയും പോക്കറ്റടിക്കാൻ സൗകര്യം ലഭിക്കുന്ന പോക്കറ്റടിക്കാരനിൽനിന്ന് ആരുടെ പോക്കറ്റാണ് രക്ഷപ്പെടുക? ഒരു കള്ളന്റെ കൈയിൽനിന്ന് ആരുടെയും മുതലും രക്ഷപ്പെടില്ല. ഒറ്റ സ്ത്രീക്കും ഒരു തെമ്മാടിയിൽനിന്ന് മാനം കാക്കാനാവാതെവരും. ഒരു ഭവനഭേദനക്കാരൻ ഒറ്റ വീടും ഒഴിവാക്കുകയില്ല; ഇവർക്കൊക്കെ അവരവർക്കു തോന്നുന്നത് അപ്പടി ചെയ്യാൻ തികഞ്ഞ കഴിവും സൗകര്യവും കൂടി കിട്ടുകയാണെങ്കിൽ. അതുകൊണ്ട് മനുഷ്യൻ ശരിയോ തെറ്റോ ആയ ഏതു മാർഗത്തിലൂടെ നടക്കാൻ ഉദ്ദേശിച്ചാലും അതിലൂടെ അവനു നടക്കാൻ സൗകര്യമേകണമോ വേണ്ടയോ എന്നു തീരുമാനിക്കാനുള്ള അവകാശം അല്ലാഹ അവന്റെ കരത്തിൽതന്നെ സൂക്ഷിച്ചിരിക്കുകയാണ്.

ഒരാൾ ദുർമാർഗം വെടിഞ്ഞ് സന്മാർഗം സ്വീകരിക്കാനാഗ്രഹിച്ചാൽ അയാൾക്കും അല്ലാഹവിന്റെ ഇഛയും ഉതവിയും ലഭിച്ചാൽ മാത്രമേ പ്രായോഗികമായി സൻമാർഗനിരതനാവാൻ കഴിയൂ. ദുർമാർഗം വെടിഞ്ഞ് സന്മാർഗം കൈക്കൊള്ളാനുള്ള തീരുമാനം മനുഷ്യൻ സ്വയം എടുത്തിരിക്കണമെന്ന് ഉപാധിയുണ്ടെന്നു മാത്രം. അതല്ലാതെ, അല്ലാഹ ആരെയും ബലാൽക്കാരം കള്ളനോ ഘാതകനോ നാസ്തികനോ ബഹുദൈവവിശ്വാസിയോ ആക്കാത്തതു പോലെ ആരെയും ബലാൽക്കാരം സത്യവിശ്വാസിയും ആക്കുന്നില്ല. ആരാണ് സൻമാർഗപ്രാപ്തിക്കർഹനെന്നും ആർ അർഹനല്ലെന്നും അല്ലാഹ തന്റെ ജ്ഞാനത്താൽ അറിയുന്നു. അതിനാൽ ദൈവിക പാത പിന്തുടരാൻ ആഗ്രഹിക്കുന്നവർ മാനസികമായി അതിനു പൂർണ്ണമായി തയ്യാറാകുകയും സന്മാർഗം പുൽകാനുള്ള ഉതവിക്കായി പ്രാർഥിച്ചു കൊണ്ടിരിക്കുകയും ചെയ്യേണ്ടതുണ്ട്.